തെറ്റുതിരുത്ത് - നാലതിരുകൾ
R.R. ജി. 3497/11

എൽ.ആർ.എം-.../11

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി ...04.01.2012

കമ്മീഷണർ

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

OFFICE OF THE INSPECTOR GENERAL OF REGISTRATION
10 JAN 2012

656

760

സർ,

വിഷയം:- കേരള മുദ്രപ്പത്ര നിയമം 54(2) - മഞ്ചേരി സബ് രജിസ്ട്രാർ ആഫീസിലെ പി2/11, 3/11, 4/11 നം ബന്തവസ്സാധാരങ്ങൾ മുദ്രസല നിർണ്ണയം നടത്തുന്നത്-സംബന്ധിച്ച്

സൂചന:- താങ്കളുടെ 08-11-11-ലെ ആർആർ4-18157/11 നം കത്ത്

കേരള മുദ്രപ്പത്ര നിയമം 54(2) പ്രകാരം മുദ്രസല നിർണ്ണയത്തിനായി സമർപ്പിച്ചിരുന്ന പി 2/11, 3/11, 4/11 നമ്പർ ബന്തവസ്സാധാരത്തിന്മേലുള്ള തീരുമാനം ചുവടെ ചേർക്കുന്നു

മഞ്ചേരി സബ് രജിസ്ട്രാർ ആഫീസിലെ പി 2/11, 3/11, 4/11 എന്നീ ബന്തവസ്സാധാരങ്ങൾ ടി ആഫീസ് മുഖേന 2011-ൽ യഥാക്രമം 1232, 1231, 1230 എന്നീ നമ്പരുകളിലായി രജിസ്റ്റർ ചെയ്ത വിലയാധാരങ്ങളുടെ പിഴതിരുത്തിയതായി ചമച്ച് രജിസ്ട്രേഷന് ഹാജരാക്കിയിട്ടുള്ളതാണ്. ടി ബന്തവസ്സാധാരങ്ങളാൽ മേൽ നമ്പർ തീറാധാരങ്ങളുടെ നാല് അതിരുകളും തിരുത്തുന്നതിനാൽ വസ്തുവിന്റെ ഘടനയിൽ മാറ്റം വരുന്നുണ്ടെന്നും ആയത് മെറ്റീരിയൽ ചെയ്ഞ്ച് ആണെന്നും ആകയാൽ ടി ബന്തവസ്സാധാങ്ങളെ പുതിയ ആധാരമായി കണക്കാക്കി കേരള മുദ്രപ്പത്ര നിയമം ആർട്ടിക്കിൾ 22 പ്രകാരം മുദ്ര ഈടാക്കണമെന്നും സബ് രജിസ്ട്രാർ അഭിപ്രായപ്പെട്ടിരിക്കുന്നു

ബന്തവസ്സാധാര പകർപ്പും അനുബന്ധരേഖകളും പരിശോധിച്ചതിൽ തെറ്റുതിരുത്താധാരം മുദ്രവില ഈടാക്കേണ്ടിവരുന്നത് അത് വല്ല അവകാശമോ, ബാദ്ധ്യതയോ ഉണ്ടാക്കുകയോ കൈമാറ്റം ചെയ്യുകയോ ക്ലിപ്തപ്പെടുത്തുകയോ വ്യപ്തിപ്പെടുത്തുകയോ ചെയ്യുമ്പോഴാണ്. എന്നാൽ ഇവിടെ അതിരുകൾ വിവരിക്കുന്നതിൽ വന്ന ദിശാവ്യത്യാസം ഒരു Clerical error മാത്രമാണെന്നും

Scanned by CamScanner

വസ്തുവിനെ സംബന്ധിച്ച് സാരമായ ഒരു മാറ്റവും ഉണ്ടാകുകയില്ലെന്നും ആകയാൽ ടി ബന്തവസ്സാധാരങ്ങൾ മുദ്രസപ്പ ചുമത്തേണ്ട കരണങ്ങളല്ലെന്നും പിഴ തിരുത്താധാരം മാത്രമാണെന്നുമുള്ള താങ്കളുടെ അഭിപ്രായത്തോട് യോജിക്കുന്നുവെന്ന വിവരം അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
കമ്മീഷണർ

ഉത്തരവിൻ പ്രകാരം,
സൂപ്രണ്ട്

61

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ആഫീസ്
എഴുത്തുനമ്പർ RR4-18157/2011
തിരുവനന്തപുരം, തീയതി 16/01/2012

ഉത്തരവിന്റെ പകർപ്പ് അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു. ആധാരങ്ങളുടെ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി വിവരം അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്

വിശ്വസ്തതയോടെ
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ)

To
ജില്ലാ രജിസ്ട്രാർ,

Scanned by CamScanner